(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) ഭൂരഹിതരായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസത്തിനായി "ആശിക്കുന്ന ഭൂമി ആദിവാസികൾക്ക് സ്വന്തം" എന്ന പദ്ധതി പ്രകാരം 25 സെന്റിൽ കുറയാതെ ഒരേക്കർ വരെ ഭൂമി വാങ്ങുന്നതിന് പരമാവധി 10 ലക്ഷം രൂപ അനുവദിച്ചുവരുന്നു. കൂടാതെ, സിക്കിൾ സെൽ അനീമിയ രോഗികൾക്ക് മുൻഗണന നൽകി ഒരേക്കർ ഭൂമി വീതം നൽകുന്ന പദ്ധതി, നിക്ഷിപ്ത വനഭൂമി, മിച്ചഭൂമി മുതലായവ ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് നൽകുന്ന പദ്ധതി എന്നിവയും നടപ്പിലാക്കിവരുന്നു.

(ബി) 'ആശിക്കുന്ന ഭൂമി ആദിവാസികൾക്ക് സ്വന്തം' എന്ന പദ്ധതി പ്രകാരം ഭൂരഹിതരായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം നടപ്പാക്കുവോ സാധിക്കുക. ഭൂരഹിതരായ എല്ലാ ആദിവാസി കുടുംബങ്ങൾക്കും ഭൂമി ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഇപ്രകാരം ഭൂമി ലഭിക്കുന്ന എല്ലാപേർക്കും വീട് വയ്ക്കുന്നതിനുള്ള ധനസഹായം നൽകുന്നതാണ്. കൂടാതെ, 25 സെന്റ് മുതൽ ഒരേക്കർ വരെ ഭൂമി ലഭ്യമാകുന്നതിനാൽ കൃഷി ചെയ്യുന്നതിനും മറ്റും സാധിക്കുമെന്നതിനാൽ സാമ്പത്തികമായും സാമൂഹികമായും ഗുണഭോക്താക്കൾക്ക് ഉന്നതിയിലെത്താൻ സാധിക്കുന്നു.

(സി) 2012-13 വർഷം ആരംഭിച്ച പദ്ധതിക്ക് ദൃശ്യമാധ്യമങ്ങളിലൂടെയും ടി.ഇ.ഒ., പ്രൊമോട്ടർമാർ മുഖേനയും വ്യാപക പ്രചാരണം നൽകിയിട്ടുണ്ട്. "ആശിക്കുന്ന ഭൂമി ആദിവാസികൾക്ക് സ്വന്തം" പദ്ധതി, ആദിവാസി പുനരധിവാസ വികസന മിഷൻ വഴി നടപ്പിലാക്കുന്ന പദ്ധതികൾ എന്നിവയ്ക്ക് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ അദ്ധ്യക്ഷനായുള്ള ജില്ലാതല ഉന്നതാധികാര സമിതി നിലവിലുണ്ട്.

പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവന ധനസഹായം

304 (677) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം വിഭാഗത്തിൽപ്പെട്ട ഏത് പട്ടികവർഗ്ഗ കുടുംബങ്ങളാണ് വൈക്കം നിയോജക മണ്ഡല പരിധിയിലുള്ളതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വൈക്കം നിയോജക മണ്ഡലത്തിലുള്ള ഭവനരഹിതരായ എട്ട് പട്ടിക വർഗ്ഗ കുടുംബങ്ങളിൽ ഏത്ര കുടുംബങ്ങൾക്ക് എന്തെല്ലാം സഹായങ്ങൾ ഭവന നിർമ്മാണത്തിനായി നൽകിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ ;

(സി) സ്വന്തമായി സ്ഥലമോ വീടോ ഇല്ലാത്ത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിനുള്ള പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) വൈക്കം നിയോജക മണ്ഡല പരിധിയിൽ ഉള്ളാട വിഭാഗത്തിൽപ്പെട്ട 93-ഉം മലവേട വിഭാഗത്തിൽപ്പെട്ട 2 കുടുംബങ്ങളും ഉൾപ്പെടെ ആകെ 95 പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈക്കം നിയോജക മണ്ഡല പരിധിയിൽ 30 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനും 6 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവന പുനരുദ്ധാരണത്തിനും പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ധനസഹായം നൽകിയിട്ടുണ്ട്.

(സി) ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്കായി 'ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം' എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിൽ ചൂണ്ടിയത് 25 സെന്റിൽ കുറയാതെയും ഒരേക്കറിൽ അധികരിക്കാതെയും ഉള്ള സ്ഥലം വാങ്ങി നൽകുന്നതിനായി 10 ലക്ഷം രൂപ വരെ അനുവദിക്കുന്നു. ഗുണഭോക്താക്കൾ അവരവർക്ക് അനുയോജ്യമായ ഭൂമി കണ്ടെത്തി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ ഫീൽഡ് തല പരിശോധനയിൽ ടി സ്ഥലം കൃഷി യോഗ്യവും വാസയോഗ്യവും റോഡ്, വെള്ളം, വഴി, വൈദ്യുതി എന്നീ സൗകര്യങ്ങൾ ഉള്ളതുമാണ് എന്നത് ഉറപ്പുവരുത്തി സ്ഥലം ഉടമയിൽ നിന്നും സ്ഥലത്തെ സംബന്ധിച്ച രേഖകളും (ആധാരം, മുന്നാധാരം, കരം അടച്ച രസീത്, ബാധ്യതാ സർട്ടിഫിക്കറ്റ്, തണ്ടപ്പേര് കണക്ക്, ലൊക്കേഷൻ/സൈറ്റ് മാപ്പ്, കൈവശാനുഭവ സർട്ടിഫിക്കറ്റ്) അപേക്ഷകനും ഭാര്യയും (ഭർത്താവിനും) സ്വന്തം പേരിലോ പൈതൃകമായോ ഭൂമി ഇല്ല എന്നതിന്റെ ബന്ധപ്പെട്ട വില്ലേജ് ആഫീസറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലും ഗൗരവമുള്ള വെരിഫിക്കേഷന്റെ അടിസ്ഥാനത്തിലും അപേക്ഷകൾ സ്വീകരിക്കുകയും ആയതിന്മേൽ ഗവൺമെന്റ് പ്ലീഡറിൽ നിന്നുള്ള ലീഗൽ സ്റ്റേറ്റിനി റിപ്പോർട്ട്, തഹസീൽദാറിൽ നിന്നുള്ള വില സംബന്ധിച്ച വാല്യുവേഷൻ സർട്ടിഫിക്കറ്റ് എന്നിവ ശേഖരിച്ച് ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള ഉപരിതല കമ്മിറ്റിയുടെ തീരുമാനങ്ങൾക്ക് വിധേയമായാണ് ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്നത്. ആയതിന് ശേഷം ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നിർമ്മിച്ച് നൽകുകയാണ് ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly